പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: *5224* 30.06.2014-ൽ മറുപടിക്ക്

**<u>കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഇൻഷ്വറൻസ് പോളിസികൾ</u>**

**<u>റദ്ദാക്കാനിടയായ സാഹചര്യം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളത്തിൽനിന്ന് ഇൻഷ്വറൻസ് പോളിസികൾക്കായി പ്രതിമാസം എത്ര തുക പിടിക്കുന്നുണ്ട്; | (എ) | കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഇൻഷ്വറൻസ് പോളിസികൾക്കായി പ്രതിമാസം ഏകദേശം 1,14,50,000/- രൂപ പിടിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത തുക എന്തെല്ലാം ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നത്; | (ബി) | പ്രസ്തുത തുക ബന്ധപ്പെട്ട ഇൻഷ്വറൻസ് പോളിസികൾ ഒടുക്കുന്നതിനായാണ് വിനിയോഗിക്കുന്നത്. |
| (സി) | ഇൻഷ്വറൻസ് പോളിസികൾക്കായി കെ.എസ്.ആർ.ടി.സി. പിടിച്ച പണം സമയബന്ധിതമായി ഇൻഷ്വറൻസ് കമ്പനികൾക്ക് അടക്കാഞ്ഞതിനാൽ കമ്പനികൾ പോളിസി റദ്ദാക്കി ജീവനക്കാർക്ക് നോട്ടീസ് അയയ്ക്കാനിടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനിടവരുത്തിയ കാരണങ്ങൾ വിശദമാക്കുമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലമാണ് ഇൻഷ്വറൻസ് തുക യഥാസമയം ഒടുക്കാൻ കഴിയാത്തത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ